പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2724 **28-10-2026-ൽ മറുപടിയ്ക്ക്**

പഴശ്ശി ജലസേചന പദ്ധതിയുടെ ഉപയോഗശൂന്യമായിക്കിടക്കുന്ന ഭൂമി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസേചന പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തതും പദ്ധതി പ്രവർത്തനങ്ങൾക്കായി നിലവിൽ ഉപയോഗിക്കാത്തതുമായ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിവിധ സ്ഥലങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: പഴശ്ശി ജലസേചന പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡ്രഡ്ജിങ്ങിന്റെ ഭാഗമായി മണ്ണ് നിക്ഷേപിക്കുന്നതിനുള്ള ഭൂമി വിവിധ സ്ഥലങ്ങളിൽ നിലവിലുണ്ട്.

(ബി) എങ്കിൽ ഇത്തരത്തിലുള്ള ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ മറ്റ് സർക്കാർ വകുപ്പുകൾക്കോ നിയമാനുസൃതമായി കൈമാറി ഗ്രാമീണ റോഡുകൾ, പൊതുവഴികൾ, മറ്റ് പൊതുജനോപകാരപ്രദമായ അടിസ്ഥാനസൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

മറുപടി: പഴശ്ശി ജലസേചന പദ്ധതിയുടെ ഭാഗമായി ജലസേചന വകുപ്പിന് കീഴിലുള്ള ഭൂമി വിവിധ ആവശ്യങ്ങൾക്കായി പല സർക്കാർ വകുപ്പുകളും ആവശ്യപ്പെട്ടതനുസരിച്ചു സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ട് ഭൂമി കൈമാറ്റം നടത്തിയിട്ടുണ്ട്. ഭാവിയിലും വിവിധ സർക്കാർ ആവശ്യങ്ങൾക്കായി ഭൂമി കൈമാറുന്നതിന് പ്രൊപ്പോസൽ ലഭിക്കുന്ന പക്ഷം ആയത് പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ